**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2837** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ ചുണ്ടച്ചാൽ പുഴയുടെ സംരക്ഷണ ഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ചെങ്ങളായി പഞ്ചായത്തിൽ പരിപ്പായി ചുണ്ടച്ചാൽ കടവിൽ കാലവർഷത്തെ തുടർന്ന് പുഴഭിത്തിയിടിഞ്ഞ് സമീപ റോഡ് അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പുഴഭിത്തി സംരക്ഷണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പുഴയോട് ചേർന്നുള്ള റോഡും അപകടാവസ്ഥയിൽ ആയതിനാൽ പ്രസ്തുത പ്രവൃത്തി കൂടി ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. റോഡിന് കൂടി സംരക്ഷണം ലഭിക്കത്തക്ക വിധത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | പുഴഭിത്തി സംരക്ഷണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി 26.02.2021 ന് സൈറ്റ് കരാറുകാരന് കൈമാറുകയും Material collection ആരംഭിക്കുകയും ചെയ്തിരുന്നു. 2021 ജൂൺ മാസത്തിലെ ശക്തമായ മഴയിൽ സമീപ റോഡ് വരെ കൂടുതലായി കരയിടിഞ്ഞു. 30.06.2021-ന് MLA യുടെ സാന്നിദ്ധ്യത്തിൽ സ്ഥലം പരിശോധിക്കുകയും സമീപ റോഡിന് കൂടി സംരക്ഷണം ലഭിക്കത്തക്ക വിധത്തിൽ എസ്റ്റിമേറ്റ് പുന:ക്രമീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം തയ്യാറാക്കിയ revised estimate ന് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ